LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ & ബി) ഉണ്ട്.

(സി) 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപനം നടത്തിയതിന്റെയടിസ്ഥാനത്തിൽ, സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 12 താലൂക്കുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ, ചാത്തന്നൂർ കേന്ദ്രമാക്കി പുതിയ താലൂക്ക് രൂപീകരണം സംബന്ധിച്ച വിഷയം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ഡി) ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ 2013-14 ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് പുതുതായി താലൂക്കുകൾ രൂപീകരിച്ചിട്ടുള്ളത്. നിയമസഭാമണ്ഡലങ്ങൾ പുനഃസംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങൾ, ഭരണപരമായ സൗകര്യങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന ത്രിതല പഞ്ചായത്തീരാജ് സംവിധാനം, വികസന സാധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം എന്നീ കാര്യങ്ങൾ പരിശോധിച്ചും അതോടൊപ്പം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുംകൂടി പരിഗണിച്ചാണ് പുതുതായി താലൂക്കുകൾ ആരംഭിക്കുന്നത്.

(ഇ) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഭൂമി തട്ടിപ്പ് കേസ്സുകളും റവന്യൂ ഉദ്യോഗസ്ഥരും**

**81 (2574)** ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാജരേഖചമച്ച് ഭൂമി തട്ടിയെടുക്കുന്നതിന് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ സഹായം നൽകുന്നതുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കുന്നതിനാൽ വീഴ്ചപറ്റിയിട്ടുണ്ടോ ; പരിശോധിക്കുമോ ;

(ബി) ശ്രീ സലിംരാജ് ഉൾപ്പെട്ട കടകമ്പള്ളി, കളമശ്ശേരി ഭൂമി തട്ടിപ്പുകേസ്സിൽ കൂട്ടുനിന്ന റവന്യൂവകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; ഇവരുടെ പേരിൽ വകുപ്പുതലത്തിൽ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു ;

(സി) ഇതിന്റെ ഭാഗമായി ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ; ഇവർ വകുപ്പിൽതന്നെ ജോലിയിൽ തുടരുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) കളമശ്ശേരി ഭൂമി തട്ടിപ്പുകേസ്സിൽ ശ്രീ. സലിംരാജിനൊപ്പം സി.ബി.ഐ അറസ്റ്റുചെയ്ത റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവർ നിലവിൽ ഏതെല്ലാം ഓഫീസുകളിലാണ് ജോലി ചെയ്യുന്നത് ; ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) അന്വേഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല :

(ബി) കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്സിൽ ഉൾപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ.

1. ശ്രീ. വിദ്യോദയ കുമാർ, ഡെപ്യൂട്ടി തഹസീൽദാർ (ഇപ്പോൾ സസ്പെൻഷനിൽ)
2. ശ്രീ. സുബ്രഹ്മണ്യം പിള്ള, വില്ലേജ് ഓഫീസർ (ഇപ്പോൾ സസ്പെൻഷനിൽ)
3. ശ്രീ. അബ്ദുൾ ഗഫൂർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ (റിട്ടയർ ചെയ്തു.)
4. ശ്രീ. എസ്. ഷാജി., സ്പെഷ്യൽ വില്ലേജ് ഓഫീസർ (റിട്ടയർ ചെയ്തു.)
5. ശ്രീ. കെ. അജികുമാർ.എം., വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്.

കളമശ്ശേരി ഭൂമി തട്ടിപ്പ് കേസ്സിലുൾപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. ഡി. മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ (റിട്ടയർ ചെയ്തു.)
2. ശ്രീമതി സി. ആർ. കൃഷ്ണകുമാരി, അഡീഷണൽ തഹസിൽദാർ (റിട്ടയർ ചെയ്തു.)
3. പരേതനായ ബി. പ്രസന്നകുമാർ, അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ)
4. ശ്രീമതി ബി. ജയശ്രീ, ജൂനിയർ സൂപ്രണ്ട്.
5. ശ്രീ.കെ. എസ്. സാബു, വില്ലേജ് ഓഫീസർ (ഇപ്പോൾ സസ്പെൻഷനിൽ)



LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. ഇ. മുറാദ്, സ്പെഷ്യൽ വില്ലേജ് ഓഫീസർ (ഇപ്പോൾ സസ്പെൻഷനിൽ)

7. ശ്രീ. ഗീവർഗ്ഗീസ്, സീനിയർ ക്ലാർക്ക് (ഇപ്പോൾ സസ്പെൻഷനിൽ)

ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം മേൽപ്പറഞ്ഞ കേസ്സുകൾ മുൻ റവന്യൂ സെക്രട്ടറിതലത്തിൽ അന്വേഷിക്കുകയും റിപ്പോർട്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കുകയും ഉണ്ടായിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ സി.ബി.ഐ. അന്വേഷണം നടന്നുവരുന്നു.

(സി) മുകളിൽ പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥരിൽ ശ്രീ. മുറാദ് (സ്പെഷ്യൽ വില്ലേജ് ഓഫീസർ) ഒഴികെയുള്ള ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. വി. ഡി. മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ, ശ്രീമതി സി. ആർ. കൃഷ്ണകുമാരി, അഡീഷണൽ തഹസീൽദാർ, ശ്രീ. അബ്ദുൾ ഗഫൂർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുകയും ശ്രീ. ബി. പ്രസന്നകുമാർ അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ) മരണപ്പെട്ടിട്ടുള്ളതുമാണ്. ശ്രീ. വിദ്യോദയകുമാറിനെ കടകംപള്ളി ഭൂമിതട്ടിപ്പ് കേസിൽ സി.ബി.ഐ. രജിസ്റ്റർ ചെയ്ത RC (04) E/2014/CBI/SCB/ TVPM നമ്പർ കേസ്സിലെ 24-ാം പ്രതിയായി സി.ബി.ഐ. അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തതിനെ തുടർന്ന് സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. ശ്രീ. ഇ.സി. ഗീവർഗ്ഗീസ് (എസ്.വി.ഒ.), ശ്രീ. ഇ. മുറാദ് (എസ്.വി.ഒ.) എന്നിവരെ സി.ബി.ഐ.യുടെ Lr.No. RC3/E/14/CBI കേസ്സിന്റെ ഭാഗമായാണ് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്.

(ഡി) കളമശ്ശേരി ഭൂമി തട്ടിപ്പ് കേസ്സിൽ ശ്രീ. സലീംരാജിനൊപ്പം അറസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും ഇവർ നിലവിൽ ജോലി ചെയ്തിരുന്ന ഓഫീസുകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു :

1. ശ്രീ. കെ.എസ്. സാബു വില്ലേജ് ഓഫീസർ, (ഇപ്പോൾ സസ്പെൻഷനിൽ) (തൃക്കാക്കര നോർത്ത് വില്ലേജ്)

2. ശ്രീ. ഇ. മുറാദ്, സ്പെഷ്യൽ വില്ലേജ് ഓഫീസർ (ഇപ്പോൾ സസ്പെൻഷനിൽ) (കളക്ടേറ്റ്, എറണാകുളം)

3. ശ്രീ. ഇ. സി. ഗീവർഗ്ഗീസ്, സീനിയർ ക്ലർക്ക്, (ഇപ്പോൾ സസ്പെൻഷനിൽ) കൊച്ചി മെട്രോ നമ്പർ 1, എൽ.എ. ഓഫീസ്.

മുകളിൽ പരാമർശിച്ചിട്ടുള്ളവർക്കെതിരെ വകുപ്പുതല നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly